**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **14-09-2023 - ൽ മറുപടിയ്ക്ക്**

**സീനിയർ സൂപ്രണ്ട് തസ്തികകളുടെ ശമ്പള സ്കെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്. ജി.) തസ്തികകളുടെ ശമ്പള സ്കെയിലിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | പത്താം ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്.ജി)എന്നീ തസ്തികകൾക്ക് നിലവിലുണ്ടായിരുന്ന ശമ്പള സ്കെയിലുകളുടെ ആനുപാതികമായ പരിഷ്കരിച്ച സ്കെയിലിന് പകരം ഒരു ലവൽ വർദ്ധനവ് വരുത്തിയ സ്കെയിലുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളുമായി ഇന്റർ ചെയ്ഞ്ചബിൾ ആയിട്ടുള്ള തസ്തികകൾക്ക് ഉത്തരവ് ബാധകമാക്കിയിരുന്നോ; വിശദാംശം നൽകുമോ; | (ബി) | സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്.ജി)എന്നീ തസ്തികകളുമായി ഇന്റർ ചെയ്ഞ്ചബിൾ ആയ തസ്തികകൾക്ക് ഈ വർദ്ധനവ് ബാധകമാണ്. |
| (സി) | ഏതെങ്കിലും വകുപ്പിലെ സീനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (എച്ച്.ജി.) തസ്തികകളുമായി ഇന്റർ ചെയ്ഞ്ചബിൾ ആയിട്ടുള്ള തസ്തികകളിൽ സമാനമായ വർദ്ധനവ് വരുത്തിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് (എച്ച്.ജി) തസ്തികയുടെ ഇന്റർ ചെയ്ഞ്ചബിൾ തസ്തികയായ PA to DEO തസ്തികയ്ക്ക് പ്രസ്തുത വർദ്ധനവ് വരുത്താതിരുന്നതിനാൽ ശമ്പള നിർണയത്തിന് പ്രായോഗിക ബുദ്ധിമുട്ട് വരുന്നതായി അക്കൗണ്ടന്റ് ജനറൽ അറിയിച്ചതിനെ തുടർന്ന് ടി വർദ്ധനവ് PA to DEO തസ്തികയ്ക്ക് അനുവദിച്ചുകൊണ്ട് 04.07.2016 ലെ സ.ഉ.(കൈ)നം.261/2016/(12)/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലും പ്രസ്തുത അനോമലി ആവർത്തിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | (ഡി) | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രസ്തുത അനോമലി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ